ശ്രീ. കെ. ടി. അച്യുതൻ: ഇപ്പോഴം നിവൃത്തിയില്ല. മുമ്പനോട്ടിഫൈ ചെയ്ത റൂട്ടുകളിൽ കൂടിയല്ലാതെ ഓടിക്കാൻ വിഷമമുണ്ട്. അതും പ്രധാനമായിട്ടുള്ള റൂട്ടാണ്. അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ടി. ഓ. ബാവാ: ട്രാൻസ്പോർട്ട് ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുള്ള റൂട്ടുകളിൽ, പെർമിറ്റ് കൊടുത്തിട്ടുള്ള ബസ്സുകൾ മുഴവൻ ഓടിക്കാതെ അതു ചുരുക്കുന്ന ഏർപ്പാട് നിറുത്തലാക്കാമോ?

ശ്രീ. കെ. ടി. അച്യുതൻ: പെർമിറ്റ് കൊടുക്കുന്ന എല്ലാ ബസ്സുകളും ഓടിക്കണം. ട്രിപ്പിനെസംബന്ധിച്ചായിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത്. ട്രിപ്പുകൾ ചുരുക്കുന്നുണ്ട്. ആറു ട്രിപ്പുകൾ ഓടിക്കണോ അഞ്ചു ട്രിപ്പുകൾ മതിയോ എന്നു് ആലോചിച്ചു ചിലപ്പോൾ ട്രിപ്പുകൾ ചുരുക്കും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: തിരുവനന്തപുരത്തുനിന്നും മൂന്നാർ ശബരിഗിരി പ്രോജക്ടുവരെ ഒരു ഫാസ്റ്റുപാസഞ്ചർ സർവ്വീസ് തുടങ്ങണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു അങ്ങനെ വേണമെന്നു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെ നിവേദനം കിട്ടിയിട്ടുണ്ടോ എന്നു ഓർമ്മയിൽനിന്നും പറയാൻ നിവൃത്തിയില്ല.

WRITTEN ANSWERS

കിണറു് കുഴിച്ചുകൊടുക്കുന്നതിനുള്ള പരിപാടി.

* 382. [17] ശ്രീ. എം., സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ കിണറു് കുഴിച്ചു കൊടുക്കുന്നതിനു് പരിപാടി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം എത്ര കിണറുകൾ കുഴിപ്പിച്ചു?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഉണ്ടു്.

(ബി) 6 കിണറുകൾ കുഴിപ്പിക്കുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു്.

കാർ അപകടം.

* 383. [18] ശ്രീ. പി. സി. രാഘവൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 8–ാം തീയതി ആഭ്യന്തരമന്ത്രിയുടെ കാർ മുട്ടി പരുക്കുപറ്റിയവരുടെ ആരോഗ്യസ്ഥിതി എങ്ങിനെയിരിക്കുന്നു;

(ബി) പരുക്കുപറ്റിയവരെ പ്രഥമശുശ്രൂഷക്കായി ആശുപത്രിയിലയച്ചതാരായിരുന്നു;

(സി) പരുക്കുപറ്റിയവരെ മന്ത്രി ആശുപത്രിയിൽ പോയി സന്ദർശിച്ചതെന്നായിരുന്നു;

(ഡി) ഇതു സംബന്ധിച്ചു വല്ല കേസുകളും രജിസ്റ്റർചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly